# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1554

05.02.2019 - ൽ
മറുപടിയ്ക്ക്

## നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിന്റെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആന്റണി ജോൺ | ശ്രീ. വി. എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) വിദേശ ഫലവൃക്ഷത്തോട്ടങ്ങൾ, മാതൃവൃക്ഷത്തോട്ടങ്ങൾ, തെങ്ങ് വികസന പദ്ധതി, പുതുക്കിയ മാതൃവൃക്ഷത്തോട്ടം, ഔഷധ സസ്യമ്യൂസിയം, ഐ.എഫ്.എസ്. (ഇന്റഗ്രേറ്റഡ് ഫാമിങ്സിസ്റ്റം), എസ്.എച്ച്.എം. പച്ചക്കറികൃഷി, എൻ.എം. എസ്.എ. - ഹൈടെക് നഴ്സറി (സ്റ്റാഫ്), 3 ലക്ഷം കുരുമുളക് തൈകളുടെ ഉല്പാദനം (എസ്.എച്ച്.എം.) എന്നീ പദ്ധതികൾ കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിന്റെ വികസനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. |
| ബി) ഇരുന്നൂറ് ഏക്കറിലധികം വ്യാപിച്ച് കിടക്കുന്ന നേര്യമംഗലം ജില്ലാ കൃഷി തോട്ടത്തിൽ 12 സ്ഥിരം തൊഴിലാളികളും 296 ക്യാഷ്വൽ തൊഴിലാളികളുമാണ് പണിയെടുക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ കൃഷി ഫാമുകളുടെ സ്റ്റാഫ് സ്ട്രെങ്ങ്ത് വർദ്ധിപ്പിച്ചപ്പോൾ നേര്യമംഗലം കൃഷി ഫാമിൽ ആയത് വർദ്ധിപ്പിക്കാതിരുന്നതുമൂലം നിലവിലെ സ്റ്റാഫ് സ്ട്രെങ്ങ്ത് 111 ആയി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | സി) ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിലല്ല തൊഴിലാളികളുടെ അംഗസംഖ്യ നിശ്ചയിക്കുന്നത്. ഇതിനായി സർക്കാർ ഉത്തരവനുസ്സരിച്ചുള്ള ഒരു ഫോർമുല നിലവിലുണ്ട്. ഇതനുസ്സരിച്ചാണ് കൃഷിവകുപ്പിന്റെ കീഴിലുള്ള എല്ലാ ഫാമുകളിലും തൊഴിലാളികളുടെ അംഗസംഖ്യ നിശ്ചയിച്ചിട്ടുള്ളത്. |
| ഡി) 12 സ്ഥിരം തൊഴിലാളികളും 296 ക്യാഷ്വൽ തൊഴിലാളികളും അടക്കം 300-ൽ അധികം പേർ പണിയെടുക്കുന്ന നേര്യമംഗലം ജില്ല കൃഷിതോട്ടത്തിന്റെ സ്റ്റാഫ് സ്ട്രെങ്ങ്ത് നിലവിലുള്ള 111-ൽ നിന്നും വർദ്ധിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;<br><br>ഇ) നിലവിലെ സ്റ്റാഫ് സ്ട്രെങ്ങ്ത് വർദ്ധിപ്പിച്ച് ഇവിടെ വർഷങ്ങളായി ജോലി നോക്കുന്ന ക്യാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ഡി)<br>ഇ) ഫാമിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനനുസരിച്ച് ആനുപാതികമായി തൊഴിലാളികളുടെ എണ്ണവും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ